# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:2609 12.03.2018-ൽ മറുപടിക്ക്

## സ്കൂൾ വിദ്യാഭ്യാസം ലക്ഷ്യമിടുന്ന ഗുണനിലവാരം

ചോദ്യം

**ശ്രീ.അബ്ദുൾ ഹമീദ്.പി.**

ഉത്തരം

പ്രൊഫ: സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ മന്ത്രി)

എ) സ്കൂൾ വിദ്യാഭ്യാസം ലക്ഷ്യമിടുന്ന ഗുണനിലവാരം, പഠനം പൂർത്തിയാക്കിയ കുട്ടികൾ നേടിയിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ സംവിധാനമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

ബി) സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്ന എല്ലാ കുട്ടികളും ലക്ഷ്യമിടുന്ന ഗുണനിലവാരം നേടി എന്ന് ഉറപ്പ വരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ:

എ) യും ബി) യും: ഉണ്ട്. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവരുടെ പഠന ശേഷി പരിപോഷിപ്പിക്കുന്നതിനായും സ്കൂൾ വിദ്യാഭ്യാസം ലക്ഷ്യമിടുന്ന ഗുണനിലവാരം ഉറപ്പാക്കുന്നതിനുമായി ശ്രദ്ധ, നവപ്രഭ എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ അക്കാദമിക മികവ് പൊതുസമൂഹത്തിന്റെ മുൻപാകെ അവതരിപ്പിക്കുന്നതിന് എല്ലാ വിദ്യാലയങ്ങളും സർഗ്ഗോത്സവം നടത്തുന്നതാണ്. സമഗ്രമായ നിരന്തര വിലയിരുത്തൽ സംവിധാനത്തിലൂടെയാണ് ഓരോ കുട്ടിയും നമ്മൾ ഉദ്ദേശിച്ച ഗുണനിലവാരത്തോടെ പഠനം പൂർത്തിയാക്കുന്നു എന്ന് നമുക്ക് ഉറപ്പുവരുത്താനാകുക. ഇതിനായി നിരന്തര വിലയിരുത്തൽ സംവിധാനത്തെ ശക്തിപ്പെടുത്താനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. അവധിക്കാല പരിശീലനത്തിൽ, നിരന്തര വിലയിരുത്തൽ ഫലപ്രദമായി നടത്താൻ അദ്ധ്യാപകർക്ക് പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നു.

സി) സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

സി) സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

1. സ്കൂളിന്റെ ഭൗതിക സാഹചര്യ വികസനം
2. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പഠനം (ഡിജിറ്റലൈസ് ക്ലാസ്സ് മുറികൾ)
3. ഗണിതം, ശാസ്ത്രം സാമൂഹിക ശാസ്ത്രം തുടങ്ങിയവ കൂടുതൽ മെച്ചപ്പെടുത്തുന്ന തരത്തിലുള്ള പഠനാനുഭവങ്ങൾ ഒരുക്കൽ.
4. വിദ്യാർത്ഥികളുടെ കായിക ക്ഷമത വികസിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ

5. മതനിരപേക്ഷ ജനാധിപത്യ സമൂഹത്തിന് അനിവാര്യമായ മൂല്യബോധങ്ങൾ ഉളവാക്കാനാവശ്യമായ പ്രവർത്തനങ്ങൾ.
6. കൃഷിയെ സംസ്കൃതിയാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ
7. ഹരിത പ്രോട്ടോക്കോൾ പാലിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ.
8. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായുള്ള പദ്ധതികൾ
9. സമൂഹവും സ്കൂളുമായി ബന്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
10. അദ്ധ്യാപക പരിശീലനം

സെക്ഷൻ ഓഫീസർ